# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 599 24.01.2018- ൽ മറുപടിക്ക്

**കൈത്തറി മേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; കൈത്തറി തൊഴിലാളികൾക്ക് വർഷം മുഴുവൻ ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തെ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതികളിലൂടെ കൈത്തറി തൊഴിലാളികൾക്ക് വർഷം മുഴുവൻ ജോലി ലഭ്യമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;ഇപ്പോൾ എത്ര മാസത്തെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്; വിശദമാക്കാമോ ; | (ബി) സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് നവംബർ മാസം വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. ഡിസംബർ മാസത്തെ കൂലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |
| (സി) പ്രൊഡക്ഷൻ ഇൻസെന്റീവ് ആനുകൂല്യം കൈത്തറി മേഖലയിൽ ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടിയിലൂടെ അംഗീകൃത നിബന്ധനകളനുസരിച്ച് അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായ ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അർഹരായ തൊഴിലാളികൾക്ക് മാസം പരമാവധി 4000/- രൂപ വരെ ആനുകൂല്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പുസാമ്പത്തികവർഷം 4.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1) 2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% സർക്കാർ സഹായം നൽകും(പരമാവധി 40000/-രൂപ). ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും.

2)അടുത്ത അദ്ധ്യയനവർഷം 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിലേക്കായി ഏകദേശം 24 ലക്ഷം മീറ്റർ തുണി ഉത്പാദിപ്പിക്കുന്നതിലേക്കായി കുറഞ്ഞത് 8000 നെയ്ത്തുകാരുൾപ്പെടെ അനുബന്ധ തൊഴിലാളികൾ ആവശ്യമായി വരും. അവർക്ക് അർഹമായ വേതനവും ആനുകൂല്യങ്ങളും ഉറപ്പ് വരുത്തും.

3)കേരള ഹാന്റ്‌ലൂം ഉൽപന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റോടു കൂടിയ നിലവാരത്തിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ധനസഹായം നൽകുന്നു. കേരള ഹാന്റ്‌ലൂം വിൽപനശാലകൾക്കുള്ള ധനസഹായമായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4)നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഐ.ഐ.എച്ച്.റ്റി) മുഖേന ആവശ്യമനുസരിച്ച് പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ ഉൾപ്പെടുത്തി നെയ്ത്തുകാരെ സഹായിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ഒരു സർക്കിളിൽ ഒരു ഡിസൈനറെ ഉൾപ്പെടുത്തുവാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വിപണനം-കയറ്റുമതി പ്രോത്സാഹനം**

കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കൈത്തറി സഹകരണസംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കുള്ള സഹായപദ്ധതിയാണിത്.

1)ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനായി 20% നിരക്കിൽ 10 ലക്ഷം രൂപ നൽകുന്നതിന് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

2)ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഹാന്റ്‌ലൂം പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള സഹായം, ബിസിനസ് ടു ബിസിനസ് മീറ്റുകൾ ഉത്സവകാലങ്ങളിൽ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല/മേഖലാതല കൈത്തറി പ്രദർശനങ്ങൾ നടത്തുന്നതിനും ക്രയവിക്രയ സംഗമങ്ങൾക്കും കേന്ദ്രസർക്കാർ സംഘടിപ്പിക്കുന്ന വ്യവസായമേളകൾ, ദേശീയ അന്താരാഷ്ട്ര പ്രദർശനങ്ങൾ, മേളകൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ധനസഹായം നൽകുന്നു.

3)കേരളാ ഹാന്റ്‌ലൂം ഉൽപന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റോടു കൂടിയ, നിലവാരത്തിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ധനസഹായം, കേരളാ ഹാന്റ്‌ലൂം വിൽപനശാലകൾക്കുള്ള ധനസഹായം എന്നിവ നൽകുന്നു. നിഫ്റ്റ്, ഐ.ഐ.എം തുടങ്ങിയ അംഗീകൃത സ്ഥാപനങ്ങളുടെ സഹായത്തോടെ ബ്രാന്റ് ചെയ്യപ്പെടേണ്ടത് ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**